<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981**</u> <u>**30-06-2022 - ൽ മറുപടിയ്ക്ക്**</u>

<u>**മണലൂർ മണ്ഡലത്തിലെ പുഴകളിലെ എക്കൽ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാവ് പുഴ, കനോലി കനാൽ, കങ്ങളം തോട്, കോഴിത്തോട് എന്നിവയിൽ എക്കൽ മണ്ണും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് മത്സ്യ സമ്പത്ത് നഷ്ടപ്പെടുന്നതിനാൽ പ്രസ്തുത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടിയെടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (എ) | മണലൂർ മണ്ഡലത്തിലെ കോഴിത്തോട്, എളവള്ളി, പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലും കങ്ങളം തോട്, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലും വരുന്നതാണ്. ആയതിനാൽ, പ്രസ്തുത തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് പഞ്ചായത്ത് മുഖേനയാണ്. ഏനാമാക്കൽ റെഗുലേറ്ററിനു ശേഷമുള്ള ഏനാമാവുപുഴ എന്നറിയപ്പെടുന്ന ഭാഗത്തെ എക്കലും, മണ്ണും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ, കനോലി കനാലിലെ പുളിക്കകടവ് പാലം മുതൽ ചേറ്റുവ പാലം വരെ ചെളിയും മണ്ണും മാറ്റുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ, ഇൻലാൻറ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴക്ക്, തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ